⇨ റിപ്പോർട്ട് പൊതുജനസമക്ഷം വെയ്ക്കാതെ സർക്കാർ പൂഴ്ത്തിവെച്ചു ⇨

# രണ്ട് റിപ്പോർട്ടും ജനസമക്ഷം വയ്ക്കണം

പരിസ്ഥിതി പ്രവർത്തകരും ശാസ്ത്രജ്ഞമാരും ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടാണ് പശ്ചിമഘട്ടത്തിന്റെ നിലനിൽപ്പിന് ആധാരമെന്ന് തെളിവുകളുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കുന്നു. എന്നാൽ കേരള സർക്കാർ ഇന്നും റിപ്പോർട്ടിനെ കടുത്ത ഭാഷയിൽ എതിർത്തുകൊണ്ടിരിക്കുകയാണ്. റിപ്പോർട്ടിനെയും അനുബന്ധ ചർച്ചകളെയും കുറിച്ച് സംസാരിക്കുന്നു

**പ്രൊഫ. മാധവ് ഗാഡ്ഗിൽ/ വി.എം. ഷൺമുഖദാസ്**

**കോടാനുകോടി** വർഷങ്ങൾളിലൂടെ രൂപപ്പെട്ട പശ്ചിമഘട്ടത്തിന്റെ സൂക്ഷ്മ ആവാസവ്യവസ്ഥയും ജൈവവൈവിധ്യവും മനുഷ്യന്റെ അത്യാർത്തി മൂലം നാശത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ് എന്ന ബോധ്യത്തിൽ നിന്നാണ് കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയം പശ്ചിമഘട്ടത്തെക്കുറിച്ച് പഠനം നടത്താൻ 2010 മാർച്ച് 30ന് പ്രൊഫ. മാധവ് ഗാഡ്ഗിൽ ചെയർമാനായി 14 അംഗ പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ധ സമിതി (WGEEP) രൂപവൽകരിക്കുന്നത്. 1986ലെ പരിസ്ഥിതി സംരക്ഷണ നിയമപ്രകാരമുള്ള പരിസ്ഥിതി ലോല പ്രദേശങ്ങളുടെ അതിരുകൾ പശ്ചിമഘട്ട പ്രദേശങ്ങളിൽ കണ്ടെത്തി അവയെ പരിസ്ഥിതി ലോല (ecology sensitive zones) മേഖലകളായി വിജ്ഞാപനം ചെയ്യുകയായിരുന്നു സമിതിയുടെ മുഖ്യ ലക്ഷ്യം. 2011 ൽ സമിതി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ച റിപ്പോർട്ട് പൊതുജനസമക്ഷം വെയ്ക്കാതെ സർക്കാർ പൂഴ്ത്തിവെച്ചു. പിന്നീട് ദൽഹി ഹൈക്കോടതി ഇടപെട്ടതിനു ശേഷമായിരുന്നു രണ്ടുവാല്യങ്ങളിലായി അനുബന്ധങ്ങൾ ഉൾപ്പടെ 500 പേജിലധികം വരുന്ന റിപ്പോർട്ട് വെബ്സൈറ്റിൽ പൊതുജനാഭിപ്രായം അറിയാനായി പ്രസിദ്ധീകരിച്ചത്.

ഇതിനിടെ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ പ്രസക്ത നിർദേശങ്ങൾ നടപ്പാക്കാൻ കേന്ദ്രസർക്കാരിന് നിർദേശം നൽകണമെന്ന ആവശ്യവുമായി പശ്ചിമഘട്ട സംസ്ഥാനങ്ങളിലെ പരിസ്ഥിതി സംഘടനകൾ ദേശീയ ഗ്രീൻ ട്രൈബ്യൂണലിനെ (എൻ.ജി.ടി) സമീപിച്ചു. ഗാഡ്ഗിൽ കമ്മിറ്റി പാരിസ്ഥിതിക ലോല മേഖല 1ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങളിൽ പുതുതായി ഏതെങ്കിലും പദ്ധതികൾക്ക് പാരിസ്ഥിതികാനുമതി നൽകുകയാണെങ്കിൽ കമ്മിറ്റി റിപ്പോർട്ടിലെ മാനദണ്ഡങ്ങൾക്കനുസൃതമായിരിക്കണമെന്ന് ട്രൈബ്യൂണൽ ഇടക്കാല ഉത്തരവിൽ വ്യക്തമാക്കി. ഇതിനെതിരെ കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയം ഗ്രീൻ ട്രൈബ്യൂണലിൽ ഹർജി നൽകിയെങ്കിലും മുൻ ഉത്തരവ് ശരിവെച്ചു. പിന്നീട് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെതിരെ ചില കേന്ദ്രങ്ങളിൽ വ്യാപകമായ പ്രതിഷേധങ്ങൾ ഉയർന്നുവന്നതോടെ റിപ്പോർട്ട് സമഗ്രമായി പരിശോധിക്കാൻ മുൻ ഐ.എസ്.ആർ.ഒ ചെയർമാനും ഭൗതിക ശാസ്ത്രജ്ഞനുമായ ഡോ. കസ്തൂരി രംഗന്റെ നേതൃത്വത്തിൽ ഹൈലെവൽ വർ

ക്കിംഗ് ഗ്രൂപ്പ് രൂപവൽകരിച്ചു. കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടും ഇപ്പോൾ കേന്ദ്രവനം മന്ത്രാലയം പൊതുജനങ്ങളുടെ അഭിപ്രായം തേടാൻ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുകയാണ്. ലോകമെമ്പാടുമുള്ള പരിസ്ഥിതി പ്രവർത്തകരും ശാസ്ത്രജ്ഞരും ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടാണ് പശ്ചിമഘട്ടത്തിന്റെ നിലനിൽപ്പിന് ആധാരമെന്ന് വ്യക്തമാക്കുന്നു. എന്നാൽ കേരള സർക്കാർ ഇതിനെ രാക്ഷസീയമായ റിപ്പോർട്ട് എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ഗാഡ്ഗിൽ റിപ്പോർട്ട് സംബന്ധിച്ച് കേരളത്തിലെ വിവിധ ജില്ലകളിൽ നടക്കുന്ന ചർച്ചകളിൽ പങ്കെടുക്കാൻ എത്തിയ പ്രൊഫ. മാധവ് ഗാഡ്ഗില്ലുമായി പ്ലാച്ചിമടയിൽ വെച്ച് നടത്തിയ സംഭാഷണത്തിൽ നിന്നും.

**താങ്കളുടെ റിപ്പോർട്ട് വിവാദമായിരിക്കുകയാണല്ലോ?**

റിപ്പോർട്ട് മുഴുവൻ പഠിക്കാതെയാണ് ചിലർ വിവാദമുണ്ടാക്കുന്നത്. പശ്ചിമഘട്ടം വളരെ പ്രാചീനമായ ഗോണ്ട്വാന ഘടകങ്ങൾ ധാരാളമുള്ളതും മലയൻ-ഇന്തോ-ചൈനീസ് ആഭിമുഖ്യമുള്ളതുമായ ഒരു ജൈവ സമൂഹമാണ്. ഇന്ത്യയിലെ 27 ശതമാനം വരുന്ന ജൈവവൈവിധ്യമാണ് പശ്ചിമഘട്ടത്തിലുള്ളത്. ജന്തുവൈവിധ്യം, സസ്യവൈവിധ്യം എന്നിവയുടെ സമ്പന്നതയേറെയാണ്. സൂക്ഷ്മ ചൈതന്യമാർന്ന വളരെ ചെറിയ ഭൂഭാഗങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒട്ടനേകം തദ്ദേശീയ ജന്തു,സസ്യ വിഭാഗങ്ങളുണ്ട്. ഇത് വേണ്ടത്ര പഠിക്കപ്പെട്ടിട്ടില്ല. 28 കോടി ജനങ്ങളുടെ ജലസ്രോതസ്സാണ് പശ്ചിമഘട്ട മലനിരകൾ. പശ്ചിമഘട്ടത്തിന്റെ നാശം നദികളുടെ നാശമാണ്. നദികൾ വറ്റിപോയാൽ നമ്മുടെ സംസ്കാരം ഇല്ലാതാവും. കുടിവെള്ളം തീരെ ലഭിക്കാത്ത അവസ്ഥ വരും. ഇതിനെക്കുറിച്ച് വളരെ ശാസ്ത്രീയമായി പഠിച്ചതിനു ശേഷമാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. റിപ്പോർട്ട് ജനങ്ങൾക്കിടയിൽ ചർച്ചക്ക് വിധേയമാക്കണം. ചില തൽപര കക്ഷികൾ പശ്ചിമഘട്ടത്തിലെ ജൈവവൈവിധ്യം നശിപ്പിച്ച് കാടും കുന്നും വെട്ടി പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കുന്നു. റിപ്പോർട്ടിൽ പറയാത്ത കാര്യങ്ങളെക്കുറിച്ച് പറഞ്ഞ് ചില കേന്ദ്രങ്ങൾ കർഷകരെയും ജനങ്ങളെയും തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നു. എന്തിനേറെ അതാത് സംസ്ഥാനങ്ങളിലെ ഭരണകൂടത്തിന് നേതൃത്വം നൽകുന്നവർപോലും തന്റെ റിപ്പോർട്ട് പഠിച്ചിട്ടില്ലെന്നു വേണം കരുതാൻ. കർഷകർക്ക് അനുകൂലമായ നിലപാട് റിപ്പോർട്ടിലുള്ളതെന്നും അക്കാര്യം കർഷകസമൂഹത്തെ ബോധ്യപ്പെടുത്തി കൊടുക്കാൻ ഞാൻ തയ്യാറാണ്.

**കേരളസർക്കാർ രാക്ഷസീയമായ (draconian) റിപ്പോർട്ടാണെന്നാണല്ലോ വിശേഷിപ്പിച്ചിട്ടുള്ളത്?**

റിപ്പോർട്ടിലെ കാതലായ നിർദേശങ്ങളെ എതിർത്ത് കേരളസർക്കാർ ഒരു നീണ്ട കത്ത് കേന്ദ്രപരിസ്ഥിതി മന്ത്രാലയത്തിന് അയച്ചു. റിപ്പോർട്ട് മുഴുവൻ പഠിക്കാതെയാണ് അത് ചെയ്തിട്ടുള്ളത്. അതാത് പ്രാദേശിക ഭാഷയിലാക്കി ജനങ്ങൾക്കിടയിൽ റിപ്പോർട്ട് ചർച്ച ചെയ്യട്ടെ. ഇതൊരു ജനകീയ റിപ്പോർട്ടാണ്. ഭാവിതലമുറയുടെ സുരക്ഷയെപ്പറ്റി ചിന്തിക്കുന്നവർക്ക് റിപ്പോർട്ടിനെ എതിർക്കാനാവില്ല. നിലവിലുള്ള വികസന സമീപനം ശരിയല്ല. ജനങ്ങൾക്ക്മേൽ അടിച്ചേൽപ്പിക്കുന്ന വികസന നയമാണ് സർക്കാരുകളുടേത്. പാരിസ്ഥിതികാഘാതങ്ങളെ ശരിയായ രീതിയിലും ആഴത്തിലും അപഗ്രഥിക്കുന്നില്ല. ഒരു പഞ്ചായത്തിൽ എത്ര ക്വാറികൾക്ക് അനുമതി നൽകാം, ഒരുപുഴയിൽ എത്ര അണക്കെട്ട് നിർമിക്കാം, പുഴയിൽ എത്രത്തോളം മണൽ/വെള്ളം ഊറ്റിയെടുക്കാം.

ഇതൊന്നും പരിഗണിക്കാറില്ല. ഗ്രാമസഭകളിലൂടെ സാധാരണ ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ കണ്ടറിഞ്ഞ് സുസ്ഥിര വികസന പദ്ധതികളാണ് നടപ്പിലാക്കേണ്ടത്. വാഹന ശേഷിയേയും ഭൂപ്രദേശത്തേയും അടിസ്ഥാനപ്പെടുത്തിയുള്ള ഒരു രൂപരേഖയാണ് എന്റെ റിപ്പോർട്ടിലുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പരിസ്ഥിതി സംഘടനകൾ, സംസ്ഥാന സർക്കാരുകൾ, ബന്ധപ്പെട്ട വകുപ്പുകൾ എല്ലാം ചേർന്ന് ഒരു പ്രദേശത്തിന്റെ ജൈവപരിസ്ഥിതി. പ്രകൃതിക്ക് അനുയോജ്യമായ വികസനം നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട നിയന്ത്രണങ്ങളും നിർദേശങ്ങളുമാണുള്ളത്. ഗ്രാമസഭകളിലൂടെ ഉരുതിരിഞ്ഞുവരുന്ന നിർദേശങ്ങളാണ് ത്രിതല പഞ്ചായത്തുകളിലൂടെ നടപ്പിലാക്കേണ്ടത്. ഗാന്ധിജിയുടെ ഗ്രാമസ്വരാജുമായി ബന്ധപ്പെടുത്തി തയ്യാറാക്കിയ റിപ്പോർട്ട് പൊതുജനങ്ങൾക്കിടയിൽ ഗ്രാമസഭകളിലൂടെ ചർച്ച ചെയ്യാൻ സർക്കാർ തീരുമാനിക്കട്ടെ. ഞാനും പങ്കെടുത്ത് സംശയങ്ങൾ ദൂരീകരിച്ചു കൊടുക്കാം. മണ്ണും വെള്ളവും ആകാശവും മലിനമാക്കുകയും ജൈവവൈവിധ്യത്തെ മുച്ചൂടും നശിപ്പിക്കുകയും ചെയ്ത ഹരിത ധവള വിപ്ലവത്തിന്റെയും സാമൂഹിക ബാധ്യതകൾ പരിശോധിക്കുകയും ഒരു വലിയ ദുരന്തത്തിന്റെ വാക്കിലെത്തി നിൽക്കുന്ന നമ്മുടെ നാടിനെ രക്ഷപ്പെടുത്തുവാനുള്ള അവസാനത്തെ പിടിവ

**ഗാഡ്ഗിൽ പ്ലാച്ചിമടയിൽ**

കൂടുതൽ കമ്പനികളുണ്ടാകുന്നത് കൊണ്ട് വികസനമുണ്ടാകില്ലെന്ന് 2013 മെയ് 17ന് പ്ലാച്ചിമട സന്ദർശിച്ചുകൊണ്ട് മാധവ് ഗാഡ്ഗിൽ പറഞ്ഞു. പണം മുടക്കുകയും കെട്ടിടങ്ങൾ നിർമിച്ചു കൂട്ടുന്നതുമല്ല ശരിയായ വികസനം. മനുഷ്യന് വിദ്യാഭ്യാസം കിട്ടാനെന്നതു പോലെ മലിനീകരണത്തിൽനിന്ന് മുക്തനായിരിക്കാനും സ്വാതന്ത്ര്യമുണ്ടായിരിക്കണം, ഗാഡ്ഗിൽ പറഞ്ഞു. ഗാഡ്ഗിലിനൊപ്പം പ്രൊഫ എം.കെ. പ്രസാദ്, ഡോ. വി.എസ്. വിജയൻ എന്നിവരുമുണ്ടായിരുന്നു.

➪ പാവപ്പെട്ടവന് ഒരു കുടം വെള്ളം കിട്ടാൻ എത്ര പ്രയാസങ്ങൾ നേരിടണം ➪



പ്ലാച്ചിമടയിലെത്തിയ മാധവ് ഗാഡ്ഗിൽ കൊക്കക്കോള കമ്പനി മലിനീകരിച്ച കിണർ കാണാനെത്തിയപ്പോൾ

ള്ളി കൂടിയാണ് റിപ്പോർട്ട് തയ്യാറാക്കുമ്പോൾ താനും സഹപ്രവർത്തകരും ലക്ഷ്യമിട്ടത്.

**റിപ്പോർട്ട് തയ്യാറാക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ?**

18 മാസം കൊണ്ടാണ് റിപ്പോർട്ട് തയ്യാറാക്കിയത്. പശ്ചിമഘട്ടത്തിലെ ആറ് സംസ്ഥാനങ്ങളിലെ 40 ഗ്രാമങ്ങൾ സന്ദർശിച്ച് ഗ്രാമീണരുമായി സംവദിച്ചു. അംഗങ്ങൾ 14 തവണ ഫീൽഡ് വിസിറ്റിങ് നടത്തി. 42 ശാസ്ത്രജ്ഞന്മാരോട് വിവിധ വിഷയങ്ങളെക്കുറിച്ച് പഠന റിപ്പോർട്ടുകൾ വാങ്ങി അവരുമായി ചർച്ച നടത്തി. 40 എൻ.ജി.ഒ ഗ്രൂപ്പുകളുമായും സർക്കാർ ഏജൻസി എട്ടുതവണ പാനൽ ചർച്ചകളും സംഘടിപ്പിച്ചു. 15 പാനൽ മീറ്റിംഗുകൾ നടത്തി. ഓരോ പരിപാടികൾ സംബന്ധിച്ച് പൊതുജനങ്ങളെ അറിയിക്കാൻ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചു. അതിനുശേഷമാണ് വനം പരിസ്ഥിതി മന്ത്രാലയത്തിന് റിപ്പോർട്ട് സമർപ്പിച്ചത്.

**അതിരപ്പിള്ളി പദ്ധതി നടപ്പിലാക്കരുതെന്നാണല്ലോ റിപ്പോർട്ട് പറയുന്നത്?**

ചാലക്കുടിപ്പുഴയിൽ ഓരോ വർഷവും ഒഴുകിവരുന്ന വെള്ളത്തിന്റെ അളവ് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. നിലവിൽ ചെറുതും വലുതുമായി ഏഴ് ഡാമുകളുണ്ട്. ഇതിനുപുറമെ കുടിവെള്ള പദ്ധതികളും. മുൻകാലങ്ങളിലൊന്നും ഇല്ലാത്ത വരൾച്ചയായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലുണ്ടായിക്കൊണ്ടിരിക്കുന്നത്. പുതിയ ഡാം കെട്ടിയിട്ട് വെള്ളമില്ലെങ്കിൽ അതിന്റെ പ്രവർത്തനം നടത്താൻ കഴിയുമോ? കെ.എസ്.ഇ.ബി തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് പ്രകാരം പദ്ധതി നടപ്പിലാക്കാൻ പറ്റില്ല. നിലവിൽ വിനോദ സഞ്ചാരത്തിലൂടെ ലഭിക്കുന്ന വരുമാനം പദ്ധതി നടപ്പിലാക്കിയാൽ ലഭിക്കാനിടയില്ല. ചാലക്കുടിപ്പുഴയിൽ മാത്രം കണ്ടുവരുന്ന വംശനാശത്തിന്റെ വക്കിലെത്തിയ മത്സ്യസമ്പത്ത് നശിക്കാനിടവരും. കെ.എസ്.ഇ.ബിയിലെ ഉന്നത ഉദ്യോഗസ്ഥരും റിവർ റിസർച്ച് സെന്ററിന്റെ പ്രവർത്തകരുമായും പലതവണ ചാനൽ ചർച്ചയും പൊതു ചർച്ചയും സംഘടിപ്പിച്ചപ്പോൾ പദ്ധതിയെക്കുറിച്ചും അതിൽ നിന്നും ലഭിക്കുന്ന വൈദ്യുതിയെക്കുറിച്ചും വ്യക്തമായി പറയാൻ അവർക്ക് കഴിഞ്ഞില്ല. പിന്നെ കരാറുകാർക്ക് പണമുണ്ടാക്കാനുള്ള ഒരു പദ്ധതി മാത്രമാണിതെന്നും ജനങ്ങൾക്ക് എന്ത് നേട്ടമാണ് ഇത്തരം പദ്ധതികൊണ്ട് ഉണ്ടാക്കാനാവുക. വൻകിട ജലവൈദ്യുതി പദ്ധതികൾ കേരളത്തിന് അനുയോജ്യമല്ല. പശ്ചിമഘട്ടമാണ് കേരളത്തിലെ 41 നദികളുടെ മറ്റ് സംസ്ഥാനങ്ങളിലെ നൂറോളം നദികളുടെയും ജലസ്രോതസ്സ്. അത് നശിച്ചാൽ പിന്നെ ജലവൈദ്യുതി പദ്ധതികൾ കൊണ്ടെന്ത് പ്രയോജനമാണ് ഉണ്ടാവുന്നത്. ഇച്ഛാശക്തിയുള്ള ഒരു ഭരണകൂടത്തിന് മാത്രമേ എല്ലാ ജനങ്ങളെയും ഒരുപോലെ കാണാനാവൂ. ഇവിടെ പണമുള്ളവന് എന്ത് നേടാൻ കഴിയും. എന്നാൽ പാവപ്പെട്ടവന് ഒരു കുടം വെള്ളം കിട്ടാൻ എത്ര പ്രയാസങ്ങൾ നേരിടണം. ഇനിയുള്ള കാലം ജലയുദ്ധത്തിന്റേതായിരിക്കും.

**കസ്തൂരിരംഗൻ റിപ്പോർട്ടിനെക്കുറിച്ചുള്ള അഭിപ്രായം?**

പശ്ചിമഘട്ടത്തെ കൊള്ളയടിക്കാൻ ശ്രമിക്കുന്ന ലോബിയെ സഹായിക്കുന്ന തരത്തിലുള്ള റിപ്പോർട്ടാണത്. ഐ.എസ്.ആർ.ഒ ശാസ്ത്രജ്ഞനായ കസ്തൂരിരംഗൻ ഇത്തരമൊരു റിപ്പോർട്ട് തയ്യാറാക്കിയതിൽ ഞെട്ടലുളവാക്കുന്നു. സാധാരണക്കാരന്റെ പ്രശ്നങ്ങൾ അദ്ദേഹം പരിഗണിച്ചില്ലെന്ന് വേണം കരുതാൻ. സർക്കാരിനെ തൃപ്തിപ്പെടുത്താൻ വേണ്ടിയുള്ളതും സുതാര്യതയില്ലാത്തതുമായ റിപ്പോർട്ടാണിത്. രണ്ട് റിപ്പോർട്ടും അതാത് പ്രാദേശിക ഭാഷയിൽ പരിഭാഷപ്പെടുത്തി ജനസമക്ഷം വെയ്ക്കട്ടെ. ജനങ്ങൾ തീരുമാനിക്കട്ടെ ശരിയുടെയും തെറ്റിന്റെയും പക്ഷമേതെന്ന്. ■